**സുഭിക്ഷകേരളം പ്രചാരണത്തിന്റെ ഭാഗമായി ഷോർട് ഫിലിം തയ്യാറാക്കി കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ**

സുഭിക്ഷകേരളം പ്രചാരണത്തിന്റെ ഭാഗമായി ഷോർട് ഫിലിം തയ്യാറാക്കി മാതൃകയായിരിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ. കുടുംബശ്രീ നടപ്പിലാക്കുന്ന 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്', 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' എന്ന ഭക്ഷ്യ സുരക്ഷാ ക്യാമ്പയിന്റെ ഭാഗമായാണ് ഷോർട് ഫിലിം തയ്യാറാക്കിയിരിക്കുന്നത്. കോവിഡ്19 പ്രതിസന്ധിയിൽ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തത നേടേണ്ടതിന്റെ പ്രസക്തി ഷോർട് ഫിലിമിലൂടെ അവതരിപ്പിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ.

ശ്രീ. സന്തോഷ് പെരിങ്ങേത്ത് ആണ് തിരക്കഥയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്. കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ കോർഡിനേറ്റർ ആയ ശ്രി. സുരേന്ദ്രൻ ടി.ടി യുടേതാണ് ആശയം. ശ്രീ.മനോജ് കെ സേതു ക്യാമറയും എഡിറ്റിംഗും ശ്രീ. അനൂപ് വൈറ്റ്ലാൻഡ് സംഗീതവും നിർവഹിച്ചിരിക്കുന്നു. ശ്രീ. ഉണ്ണിരാജ്, ശ്രീ. കുഞ്ഞിരാമൻ മാസ്റ്റർ, ശ്രീ. രാജു.കെ. ശ്രീ. ധ്യാൻ. എസ്. ചന്ദ്, ശ്രീമതി. ധനലക്ഷ്മി.കെ, കാസറഗോഡ് ജില്ലയിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ എന്നിവരാണ് അഭിനേതാക്കൾ. മെയ് 4 നാണു 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്', 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' ഭക്ഷ്യ സുരക്ഷാ ക്യാമ്പയിൻ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്' പദ്ധതി ജില്ലയിലെ അയൽക്കൂട്ടങ്ങൾ വഴിയും 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' പദ്ധതി ജില്ലയിലെ പട്ടിക വർഗ അയൽക്കൂട്ടങ്ങൾ വഴിയുമാണ് നടപ്പിലാക്കുന്നത്.

ജില്ലയിലെ 10,936 അയൽക്കൂട്ടങ്ങളിൽ ആയി 1,7,48,00 അംഗങ്ങൾക്ക് ഈ സമയത്ത് കാർഷിക രംഗത്തേക്ക് വരാൻ സാധിക്കുന്ന സന്ദർഭമാണി തെന്നും തൊഴിലുറപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തി പുരയിടങ്ങളിൽ ഇടവിള കൃഷിയായി ചേന, ചേമ്പ്, കാച്ചിൽ, മരചീനി എന്നിവ കൃഷി ചെയ്യണമെന്നും ഓരോ അയൽക്കൂട്ട അംഗവും വീട്ടിൽ മുരിങ്ങ, കറിവേപ്പില, വാഴ, പപ്പായ എന്നിവ നിർബന്ധമായും നടണമെന്നും അതോടൊപ്പം ഓരോ അയൽക്കൂട്ടത്തിലും കുറഞ്ഞത് ഒരു ജെഎൽ ജി രൂപീകരിക്കണം എന്നും അയൽക്കൂട്ട പ്രദേശത്ത് കുറഞ്ഞത് 50 സെന്റ് സ്ഥലം കണ്ടെത്തി പച്ചക്കറി കൃഷി ആരംഭിക്കണമെന്നുമാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ അയൽക്കൂട്ടങ്ങൾക്ക് നൽകിയിരിക്കുന്ന നിർദേശം. ഇതനുസരിച്ചു വിവിധ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറികൃഷിയും മറ്റും ആരംഭിച്ചുകഴിഞ്ഞു.

സാധ്യമായ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി, കൂടുതൽ ആളുകളിലേക്ക് ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തത നേടേണ്ടതിന്റെ ആവശ്യകത ബോധ്യപെടുത്തതാൻ ശ്രമിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ.